# ലിറ്റിൽ ഫ്ളവർ എൽ.പി.സ്കൂൾ

## പുറക്കാട്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026



# ആമുഖം

അമ്പലപ്പുഴ താലൂക്കിൽ പുറക്കാട് പഞ്ചായത്തിൽ ലിസ്യൂവിലെ **വി. കൊച്ചുത്രേസ്യായുടെ** നാമത്തിൽ 1960 ൽ സ്ഥാപിതമായ വിദ്യാലയമാണ് ലിറ്റിൽ ഫ്ളവർ എൽ.പി.എസ്, പുറക്കാട്. പള്ളി വികാരിയായിരുന്ന പെരിയ ബഹുമാനപ്പെട്ട ജേക്കബ് കാടാത്തുകളത്തിലച്ചന്റെ പരിശ്രമഫലമായി സ്ഥാപിതമായ ഈ വിദ്യാലയം ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ആരംഭകാലം മുതലേ നടത്തി വരുന്നു. പള്ളിയോട് ചേർന്ന് പള്ളിക്കൂടം സ്ഥാപിച്ച് കുട്ടികളുടെ ആത്മീയവും മാനസികവും ബുദ്ധിപരവും സാംസ്കാരികപരവുമായ വളർച്ച സാധിച്ച് നാടിന് അഭിവൃദ്ധി കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കർഷകരും കർഷകതൊഴിലാളികളും തിങ്ങിപാർക്കുന്ന ഈ പ്രദേശത്ത് ദൈവിക ചൈതന്യം കുടികൊള്ളുന്ന ഈ വിദ്യാലയം സ്ഥാപിക്കാൻ അച്ചനെ പ്രേരിപ്പിച്ചത്. ആദ്യ വർഷത്തിൽ 1,2 ക്ലാസ്സുകളിലായി 198 കുട്ടികൾ വന്നുചേർന്നു. തുടർന്നുള്ള വർഷങ്ങളിൽ 3, 4 ക്ലാസ്സുകൾ ആരംഭിച്ചു.

വിജ്ഞാന വിസ്ഫോടനത്തിന്റെ ഈ കാലഘട്ടത്തിലും ഉയർന്ന നിലവാരം കാത്തുസൂക്ഷിക്കാൻ ഈ സരസ്വതീക്ഷേത്രത്തിനു സാധിക്കുന്നു. ഇവിടെ നിന്നും വിദ്യാർത്ഥികൾ ഈ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കർമ്മശേഷിയോടെ വർത്തിച്ച് രാജ്യത്തിന്റെ പുരോഗതിയിൽ സമഗ്രമായ സംഭാവന ചെയ്യുന്നു. ഇപ്പോൾ 1 മുതൽ 4 വരെ ക്ലാസ്സുകളിലായി 257 കുട്ടികളും അവർക്ക് ജ്ഞാനവെളിച്ചം പകർന്ന് 10 അധ്യാപകരും അവരുടെ കർമ്മപഥത്തിൽ ഊർജസ്വലരായി പ്രവർത്തിക്കുന്നു.

# അവസ്ഥാ വിശകലനം

## 2025-2026

കുട്ടികളുടെ എണ്ണം-257

അധ്യാപകരുടെ എണ്ണം-10

| Class | Roll Strength | | | | | | | | | | Feeding Strength | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Boys | | | | | Girls | | | | | Boys | | | | | Girls | | | | |
| | SC | ST | OBC | GEN | TOTAL | SC | ST | OBC | GEN | TOTAL | SC | ST | OBC | GEN | TOTAL | SC | ST | OBC | GEN | TOTAL |
| Pre-Primary | 2 | 0 | 42 | 8 | 52 | 3 | 0 | 36 | 2 | 41 | 2 | 0 | 42 | 8 | 52 | 3 | 0 | 36 | 2 | 41 |
| Std I | 4 | 0 | 32 | 2 | 38 | 1 | 0 | 24 | 0 | 25 | 4 | 0 | 32 | 2 | 38 | 1 | 0 | 24 | 0 | 25 |
| Std II | 4 | 0 | 25 | 7 | 36 | 1 | 0 | 28 | 1 | 30 | 4 | 0 | 25 | 7 | 36 | 1 | 0 | 28 | 1 | 30 |
| Std III | 3 | 0 | 28 | 6 | 37 | 0 | 0 | 17 | 4 | 21 | 3 | 0 | 28 | 6 | 37 | 0 | 0 | 17 | 4 | 21 |
| Std IV | 3 | 0 | 39 | 4 | 46 | 0 | 0 | 20 | 4 | 24 | 3 | 0 | 39 | 4 | 46 | 0 | 0 | 20 | 4 | 24 |
| Total : | 16 | 0 | 166 | 27 | 209 | 5 | 0 | 125 | 11 | 141 | 16 | 0 | 166 | 27 | 209 | 5 | 0 | 125 | 11 | 141 |

# പ്രൊഫൈൽ

| | |
|---|---|
| NAME OF SCHOOL<br>WITH LAND NUMBER | **LITTLE FLOWER L.P., SCHOOL<br>PURAKKAD<br>0477-2273511** |
| NAME OF REVENUE<br>VILLAGE | **PURAKKAD<br>WARD-16** |
| NAME OF CLUSTER<br>(CRC) | **GOVT. L.P.S., THOTTAPPALLY** |
| PANCHAYATH | **PURAKKAD** |
| BLOCK | **AMBALAPUZHA** |
| NAME OF DISTRICT | **ALAPPUZHA** |
| NAME OF HM | **SR. GRACEAMMA JACOB<br>PH: 9188638489** |

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം-8 മേഖലകൾ

**പ്രവർത്തന പട്ടിക :**

| തീയതി | |
|---|---|
| | LP വിഭാഗം (2 മുതൽ 4 വരെ ) |
| 03/06/2025 | പൊതുവിഷയങ്ങൾ |
| 04/06/ 2025 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ / സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ |
| 05/06/2025 | വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ്സ്, സ്കൂൾ സൗന്ദര്യ വത്ക്കരണം |
| 09/06/2025 | ആരോഗ്യം, വ്യായാമം, കായിക ക്ഷമത, ആഹാരശീലം, |
| 10/06/2025 | ഡിജിറ്റൽ അച്ചടക്കം |
| 11/06/2025 | പൊതുമുതൽ സംരക്ഷണം, നിയമബോധം, കാലാവസ്ഥാ മുൻകരുതൽ |
| 12/06/2025 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം |
| 13/06/2025 | പൊതു ക്രോഡീകരണം |

# പ്രവർത്തനങ്ങൾ

## 1) ദിനാചരണങ്ങൾ

- വാർഷിക കലണ്ടർ തയ്യാറാക്കൽ
- റാലി സംഘടിപ്പിക്കൽ
- വിദ്യാലയപുരോഗതിയിൽ താത്പര്യമുള്ളവരുടെ പ്രവർത്തനങ്ങളും പുസ്തക സംഭാവനയും
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സ്കിറ്റ്, ക്വിസ്സ്, പോസ്റ്റർ, ബോധവത്കരണ ക്ലാസ്സുകൾ, ഗാനങ്ങൾ മുതലായവ സംഘടിപ്പിക്കൽ
- ലൈബ്രറി വികസിപ്പിക്കൽ
- ശുചീകരണ പ്രവർത്തനങ്ങൾ
- സ്പെഷ്യൽ അസംബ്ലി
- വീഡിയോ പ്രദർശനം
- വിവിധ മത്സരങ്ങൾ
- വിഷയബന്ധിതമായ പതിപ്പ് തയ്യാറാക്കൽ
- അഭിമുഖം സംഘടിപ്പിക്കൽ
- ഫീൽഡ് ട്രിപ്പ്
- സ്കിറ്റ്, ക്വിസ്, വേഷവിധാനങ്ങൾ
- പഠനോത്പന്നങ്ങളുടെ പ്രദർശനം
- അമ്മ വായന

## 2) ഗിഫ്റ്റഡ് ചൈൽഡിനുവേണ്ടി

- അവരുടെ നിലവാരത്തിനനുസരിച്ച് പ്രവർത്തനങ്ങൾ നൽകുന്നു.
- ചിത്ര വായനകൾ, പദകാർഡുകൾ
- കളറിംഗ്
- ഡിജിറ്റൽ പഠനപ്രവർത്തനങ്ങൾ

## 3) കലാകായിക വിദ്യാഭ്യാസം

- ഈ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുന്നു.

- പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തി പരിചയ പരിശീലനം നൽകുന്നു.
- കലാപരമായ പ്രവർത്തനങ്ങൾ ബാലസഭയിൽ അവതരുപ്പിക്കുന്നു.
- ബോട്ടിൽ ആർട്ട് പരിശീലനം നൽകുന്നു.
- ചെസ് പരിശീലനം
- സുംബ പരിശീലനം
- വ്യായാമ പരിശീലനം

## 4) സാഹിത്യസമാജം

- വിദ്യാരംഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
- ക്ലാസ്സതല, സ്കൂൾതല സാഹിത്യസമാജങ്ങൾ
- വായിച്ച പുസ്തകങ്ങളെ ആസ്പദമാക്കി ആസ്വാദനക്കുറുപ്പ് തയ്യാറാക്കൽ
- എഴുത്തുകാരായ കുട്ടികളുടെ രചനകളുടെ പതിപ്പ് പ്രസിദ്ധീകരിക്കുന്നു.
- രചനാപരിചയക്കുറിപ്പ് അവതരുപ്പിക്കുന്നു.
- സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നു.
- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾപരിപോഷിപ്പിക്കുന്നതിനായി മത്സരങ്ങൾ സംഘടിപ്പിക്കുന്നു.
- മികച്ച വായനാക്കുറിപ്പ് എഴുതുന്ന കുട്ടികൾക്ക് വർഷാവസാനം സമ്മാനം നൽകുന്നു.

## 5) ക്ലബുകൾ

- ക്ലബുകളുടെ രൂപീകരണം
- ഓരോ മാസവും എന്തെല്ലാം പ്രവർത്തനങ്ങൾ ഓരോ ക്ലബിനും എന്നു നിശ്ചയിക്കുന്നു.

**സയൻസ് ക്ലബ് :** ജികെ, ലഘുപരീക്ഷണങ്ങൾ,പ്രകൃതി നടത്തം

**ഗണിത ക്ലബ്ബ് :**ഗണിത ക്വിസ്, ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ, കണക്കുപെട്ടി പ്രവർത്തനങ്ങൾ

**ഹെൽത്ത് ക്ലബ്ബ് :** ബോധവൽക്കരണ ക്ലാസ്, ശുചീകരണ പ്രവർത്തനങ്ങൾ

**നേച്ചർ ക്ലബ്ബ് :**പൂന്തോട്ട നിർമ്മാണം,പച്ചക്കറിത്തോട്ട നിർമ്മാണം

**ഇംഗ്ലീഷ് ക്ലബ്ബ് :**റോൾപ്ലേ, സ്കിറ്റ്,ഇംഗ്ലീഷ് അസംബ്ലി, ഡയറി റൈറ്റിംഗ്,മൈ ഇംഗ്ലീഷ് വേൾഡ്

**സാമൂഹ്യശാസ്ത്ര ക്ലബ്ബ്:** ക്വിസ്, ദൃശ്യാവിഷ്കാരം, നേതാക്കളെ പരിചയപ്പെടുത്തൽ

സ്കൂൾ അസംബ്ലി

ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ മൂന്ന് ദിവസം
കടംകഥ അവതരണം
ഡയറി വായന
രചന പരിചയക്കുറപ്പ് അവതരണം
സർഗാത്മക ഡയറി വായന

## 6) സ്കൂൾ അസംബ്ളി

- ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ മൂന്ന് ദിവസം
- കടംകഥ അവതരണം
- ഡയറി വായന
- രചന പരിചയക്കുറപ്പ് അവതരണം
- സർഗാത്മക ഡയറി വായന
- വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് അസംബ്ളി സമ്പുഷ്ടമാക്കൽ
- ക്ലാസ് തല അസംബ്ലി
- ചിന്താവിഷയം അവതരണം
- പത്രവായന
- പുസ്തകം പരിചയപ്പെടുത്തൽ
- മസ്ഡ്രിൽ
- ലഘുപരിപാടികൾ
- ചോദ്യോത്തരപയറ്റ്
- ഉൽപ്പന്നങ്ങളുടെ പ്രകാശനം
- ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ 3 ദിവസം
- ക്ലാസ്സ തല അസംബ്ളി ഡിവിഷൻ അനുസരിച്ച്
- കടങ്കഥ അവതരണം

## 7) പഠനയാത്ര. ഫീൽഡ്ട്രിപ്പ്

- പാഠ്യം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
- പോസ്റ്റ് ഓഫീസ്
- ആശുപത്രികൾ
- പോലീസ് സ്റ്റേഷൻ
- കൃഷിസ്ഥലം
- കടലോരകാഴ്ചകൾ
- കുളം, തോട്, പുഴ
- ഹെൽത്ത് സെന്റർ
- ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ
- ലൈബ്രറി സന്ദർശനം

## 8) വായന

- ഓരോ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ഒരുക്കൽ
- ഓരോ കുട്ടിയും ബർത്തഡേ സമ്മാനമായി പുസ്തകങ്ങൾ സമ്മാനക്കുന്നു.
- അഴ്ചയിൽ ഒരു പീരിയഡ് പുസ്തക വായനക്കും അസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നതിനും മാറ്റി വയ്ക്കുന്നു.
- ഒഴിവു സമയങ്ങളിൽ പുസ്തകം വായിച്ച് കറുപ്പ് തയ്യാറാക്കുന്നു.
- തിരഞ്ഞെടുത്ത വായനാകുറുപ്പുകൾ സ്കൂൾ അസംബ്ലിയിൽ വായിക്കുന്നു.
- പത്രവായനയും ക്വിസ്സും നടത്തുന്നു.
- മികച്ച വായനാ കുറുപ്പിന് സമ്മാനം
- വായിച്ച പുസ്തകങ്ങളെ ആസ്പദമാക്കി കഥകൾ, കവിതകൾ എഴുതുന്നു. വായിക്കുന്നു
- പൊതുവിജ്ഞാനവും വായനാശീലവും പരിപോഷിപ്പിക്കുന്നതിനായി എല്ലാ ദിവസവും ചോദ്യോത്തര കേളികൾ സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു.
- പത്രവായനയും ക്വിസ്സും നടത്തുന്നു.
- മികച്ച വായനാ കറിപ്പിന് സമ്മാനം
- ഇംഗ്ലീഷ് മലയാളം ഡയറിക്കുറുപ്പ് തയ്യാറാക്കൽ

- കുട്ടി ടീച്ചർ പ്രവർത്തനങ്ങൾ
- 1, 2 ക്ലാസ്സുകളിൽ വായനാകാർഡുകളിൽ നിന്ന് വായിക്കുന്നു.
- രചന പരിചയക്കുറിപ്പ് തയ്യാറാക്കലും അവതരണവും

## 9) തനതുപ്രവർത്തനം

- മണലെഴുത്ത് (1,2 ക്ലാസ്സുകൾക്ക്)

## 10) ENGLISH LANGUAGE LEARNING

- English assembly
- Daily English Conversation Practice
- Structured reading time
- Vocabulary builder activities
- Weekly interactive grammer games and quizes
- English language clubs
- Regular speaking activities
- Word of the day
- My English word Note book-Activities to Enrich English
- Readingcorners in classroom
- Parent involvement in language activities
- English news Reading
- Thought of the Day
- Dictionary Making
- Readers Theatre
- Communicative English
- Creative writing sessions and competitions
- Audiobooks
- Idiom of the week Displays
- Exposurt to English media
- Book reviews

## 11) കമ്പ്യൂട്ടർ പഠനം

- പഠനവിഷയവുമായി ബന്ധപ്പെട്ട കമ്പ്യൂട്ടർ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- ഓരോ കുട്ടിക്കും കമ്പ്യൂട്ടർ സംബന്ധമായ അടിസ്ഥാനപരമായ കമ്പ്യൂട്ടർ പരിജ്ഞാനം ലഭ്യമാക്കുന്നു.
- സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി കമ്പ്യൂട്ടർ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നു.

## 12) അടിസ്ഥാനശേഷി വികസനം

- ഗണിതം വ്യവഹാര രൂപത്തിൽ
- ജ്യോമെട്രിക്കൽ ചാർട്ടുകൾ, ഗണിത മാസികകൾ എന്നിവയുടെ നിർമ്മാണം
- ഗണിതപസിലുകൾ, പ്രശ്നോത്തരി എന്നിവ മാസം തോറും ക്ലാസ്സിൽ അവതരിപ്പിക്കുന്നു.
- ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ.
  കുട്ടി ടീച്ചർ പ്രവർത്തനവുമായി

## 13) നിരന്തര വിലയിരുത്തൽ

- ഓരോ യൂണിറ്റ് പൂർത്തിയാകുമ്പോഴും യൂണിറ്റ് ടെസ്റ്റ് നടത്തി CPTA വിളിച്ചുകൂട്ടി പഠനനില, പഠനപുരോഗതി എന്നിവ രക്ഷകർത്താവിനെ അറിയിക്കുന്നു.
- അനുരൂപീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.
- സഹിത പോർട്ടലിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നു.
- വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു.

.

## 14) ആരോഗ്യസംരക്ഷണം, ശുചിത്വം, പോഷകസമൃദ്ധമായ ഉച്ചഭക്ഷണം.

- പോഷൺ അഭിയാൻ ദിനാചരണം
- പോഷൺ മാസാചരണം
- വിദഗ്ദ്ധരെ ഉപയോഗിച്ച് ബോധവത്കരണ ക്ലാസ്സുകൾ
- ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ
- ജൈവകൃഷി പ്രോത്സാഹനം
- ഭക്ഷണശീലം, ആരോഗ്യശീലം എന്നിവയുമായി ബന്ധപ്പെട്ട പോസ്റ്റർ പ്രദർശനം
- ഓരോ ദിവസത്തേയും ഭക്ഷ്യവിഭവങ്ങളുടെ ലിസ്റ്റ് പ്രദർശനം

- ഉച്ചഭക്ഷണ കമ്മറ്റിയോഗം ചേരൽ
- ഉച്ചഭക്ഷണ മോണിറ്ററിംഗ്
- ശുചിത്വപ്രവർത്തനം
- ആഘോഷങ്ങൾ, ദിനാചരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രത്യേക വിഭവങ്ങൾ

## 15) പൊതു ഭൗതിക സൗകര്യങ്ങൾ

- ജൈവപാർക്ക് നവീകരണം
- തണൽ മരങ്ങളോടുകൂടിയ വിശാലമായ ഗ്രൗണ്ട്.
- മഴവെള്ള സംഭരണി
- വൃത്തിയുള്ള ടോയ്‌ലറ്റ് സൗകര്യങ്ങൾ
- സ്മാർട്ട് ക്ലാസ്സ് റൂം
- ക്ലാസ്സ് ലൈബ്രറി
- കമ്പ്യൂട്ടർ റൂം
- വൃത്തിയുള്ള അടുക്കള
- സ്റ്റോർ റൂം

## 16) ക്ലാസ് പി.റ്റി.എ.

- ഓരോ മാസവും ക്ലാസ് പി.ടി.എ. വിളിച്ചുകൂട്ടുകയും കുട്ടികളുടെ പഠനനില, പഠനപുരോഗതി എന്നിവ അറിയിക്കുകയും ചെയ്യുന്നു.
- ഓരോ ടേമിലും പരീക്ഷാപേപ്പറുകൾ രക്ഷാകർത്താക്കൾക്കു കാണുവാനും വിലയിരുതതുവാനും അവസരം നൽകുന്നു.
- കുട്ടികളെ പഠനപുരോഗതിയിൽ എങ്ങനെ സഹായിക്കാം എന്ന ചർച്ച
- മികച്ച ഉൽപ്പന്നങ്ങളുടെ പ്രദർശനം
- പഠനമികവുകളുടെ അവതരണം
- കോർണർ പി.ടി.എ., ചർച്ച
- ഒരു പിടി നന്മ പദ്ധതി

## 17) എസ്സ്. ആർ.ജി

- അവലോകനം
- പഠന പുരോഗതി വിലയിരുത്തൽ
- ക്ലബ് പ്രവർത്തനങ്ങൾ ആസൂത്രണം
- പരിഹാരബോധനം
- ഭവനസന്ദർശനം-ചർച്ച
- ദിനാചരണങ്ങൾ, ആഘോഷങ്ങൾ
- കലാ കായിക പ്രവർത്തിപരിചയ പദ്ധതി ആസൂത്രണം
- തനതുപ്രവർത്തനങ്ങൾ
- രചനാപരിചയക്കുറിപ്പ്
- Hello English
- ഗണിത വിജയം പ്രവർത്തനങ്ങൾ
- മൂല്യനിർണ്ണയം
- ക്ലാസ്റൂം പ്രവർത്തനങ്ങൾ ആസൂത്രണം
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പഠനപ്രവർത്തനങ്ങൾ
- സഹിതം പോർട്ടൽ പ്രവർത്തനങ്ങൾ
- E-cube English പ്രവർത്തനങ്ങൾ
- കാവ്യോത്സവം
- കാവ്യാവിഷ്കാരം
- റീഡേഴ്സ് തീയേറ്റർ
- സർഗ്ഗാത്മക ഡയറി
- നാടൻപാട്ട് മഹോത്സവം
- കുട്ടി ടീച്ചർ പദ്ധതി

# അക്കാദമിക പ്ലാൻ Short Term- Malayalam

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) Test<br>2) അക്ഷരം ഉറപ്പിക്കൽ<br>3) അടയാളം ഉറപ്പിക്കൽ<br>4) അക്ഷരകാർഡ് നൽകൽ<br>5) വാക്കുകൾ എഴുതിയ കാർഡ്<br>6) വാക്കുകൾ നിർമ്മിക്കുക<br>7) വാക്യങ്ങൾ നിർമ്മിക്കൽ<br>8) ചിത്രം- അടിക്കുറുപ്പ്<br>9) ചിത്രം-കഥപറയൽ<br>10)ചിത്രം-കഥഎഴുതൽ<br>11)കഥ-ബാക്കി എഴുതൽ<br>12)കഥാപുസ്തകം നൽകൽ<br>13)CD ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14)ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | വർഷം മുഴുവൻ | SRG<br><br>BRC<br>IED<br>TRAINER<br>P.T.A |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാക്കുക<br>(വായനക്കൂട്ടം) | ♦ ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>♦ വായന മൂല,ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>♦ സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>♦ സമീപ ഗ്രന്ഥശാല അംഗത്വം<br>♦ വായനോത്സവം സംഘടിപ്പിക്കൽ<br>♦ പത്രവായന<br>♦ അമ്മ വായന<br>♦ പുസ്തക ചർച്ച<br>♦ വായനാനുഭവം പങ്കുവെയ്ക്കൽ<br>♦ വായനാക്കുറുപ്പ് പതിപ്പ<br>♦ രചനാപരിചയക്കുറിപ്പ് തയ്യാറാക്കൽ | ആവശ്യാനുസരണം<br><br>ക്ലാസ്സ് ലൈബ്രറി<br><br>സ്കൂൾ ലൈബ്രറി ഗ്രന്ഥശാല<br><br>പത്രങ്ങൾ | BRC<br>IED<br>TRAINER<br>P.T.A<br><br>BRC<br><br>DIET<br>SCERT<br><br>P.T.A |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| | ♦ വിദ്യാരംഗം, കലാസാഹിത്യവേദി പ്രവർത്തനം<br>ക്ലാസ് സഭ<br>♦ സ്കൂൾ സഭ<br>ബാലസഭ<br>♦ ദിനാചരണങ്ങൾ<br><br>♦ ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>♦ ആസ്വാദകരമായ വായന<br>♦ വായന സാമഗ്രികൾ വികസിപ്പിക്കൽ<br>♦ ഇ-വായന<br>♦ പുസ്തകം ഒരുക്കൽ<br>♦ വായനക്കൂട്ടം-മോണിറ്ററിംഗ്<br>♦ കാവ്യക്കൂട്ടം | | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | 1) എഴുത്തുകൂട്ട രൂപീകരണം<br>2) പുസ്തക ചർച്ച<br>3) ക്ലാസ് ലൈബ്രറി<br>4) വായനക്കുറിപ്പ്<br>5) സഞ്ചരിക്കുന്ന ആസ്വാദനക്കുറപ്പ് പുസ്തകം | ആവശ്യാനുസരണം | SRG<br>PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| | 6) വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7) ഇൻലന്റ് മാഗസീൻ. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>8) സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br><br>10) വായനക്കുറുപ്പ് ആസ്വാദനക്കുറുപ്പ്<br><br>13) വ്യക്തിഗത രചന സംഘ രചന<br>14) ഭാഷാ പ്രോജക്ട്<br>15) സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം<br>16) രചയിതാക്കളെ പരിചയപ്പെടൽ | | SRG<br>PTA |
| | 17) സാഹിത്യ സാംസ്കാരിക ചിത്രഗാലറി | | ജനപ്രതിനിധി |
| സർഗോത്സവം ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | 18) കുട്ടികളുടെ സർഗ ശേഷികളുടെ പ്രദർശനം | മാസത്തിലൊരിക്കൽ | PTA<br>TEACHERS |

**ചിത്രം - അടിക്കുറുപ്പ്**

ചിത്രം നൽകൽ, അടിക്കുറുപ്പ് പറയിപ്പിക്കൽ, അധ്യാപികയുടെ സഹായത്തോടെ എഴുതൽ.

**അക്ഷരകാർഡ്**

വാക്കുകൾ എഴുതിയ കാർഡ്, അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ.

**കഥ**

ബാക്കി പറയൽ, എഴുതൽ, ഒരു കഥയുടെ കുറച്ച്ഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു. എഴുതുന്നു.

**കഥാപുസ്തകം നൽകൽ**

വായന, കുറുപ്പി തയ്യാറാക്കൽ

**പ്രദർശനം**

ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.ഓരോ ചിത്രത്തേയും കുറിച്ച് പറയാനവസരം, എഴുതാനവസരം

**പത്രവായന**

വിവധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ പുതിയ അറിവ് കണ്ടെത്തൽ, വായന-എഴുത്ത്, പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

**അമ്മ വായന**

സ്കൂൾ ലൈബ്രറിയിൽ നിന്നും അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാൻ അവസരം വായനാമുറി, വായനാക്കുറുപ്പ് തയ്യാറാക്കൽ, മികച്ച കുറുപ്പ് കണ്ടെത്തൽ, പ്രോത്സാഹനം, ശിൽപ്പശാല.

**വായനോത്സവം സംഘടിപ്പിക്കൽ**

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമാി അനുഭവം പങ്കിടൽ, വായനാക്കുറുപ്പ്, ആസ്വാദനക്കുറുപ്പ് പ്രകാശനം, അധ്യാപകരമായി പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരംവ (പാഠഭാഗവുമായി ബന്ധപ്പെട്ട്) നാടകാവതരണം.

**ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ**

ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പുകളാക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനാക്കുറുപ്പ്, അസംബ്ലി, ആകാശവാണി, ബാലസഭ എന്നിവയിൽ അവതരുപ്പിക്കുവാൻ അവസരം.

### ക്ലാസ് ലൈബ്രറി രൂപീകരണം

കുട്ടികളുടെ സഹായത്തോടെ വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

### സ്കൂൾ ലൈബ്രറി നവീകരണം

സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തക വിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്തഡേ പുസ്തകശേഖരണം.

### സമീപ ഗ്രന്ഥശാല അംഗത്വം

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത്, പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം

### പുസ്തക ചർച്ച-വായനാനുഭവം പങ്കുവെയ്ക്കൽ

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരുപ്പിക്കുന്നു (മാസത്തിൽ ഒരു ദിവസം)

### വായനാക്കുറുപ്പ്

ഓരോ പുസ്തവായനയുടേയും കുറുപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

മികച്ച വായന കുറിപ്പ് എഴുതുന്ന കുട്ടികൾക്ക് വർഷാവസാനം സമ്മാനങ്ങൾ നൽകുന്നു.

### ദിനാചരണങ്ങൾ

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

### വിഭിന്നശേഷിക്കാരെ പരിഗണിക്കൽ ഉൾച്ചേർന്ന വിദ്യാഭ്യാസം

വിഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് ഐ.ഇ.ഡി. അധ്യാപ l єpsS t k h\ w, h ǹ ŋ¶ ŧ i ɟ ŋ mÀ¡ pÅ {] h À¯ ⁴ § Ä BRC, IED, TEACHERS എന്നിവരുടെ സഹായത്തോടെ വിഭിന്നശേഷിക്കാർക്കുള്ള പരവർത്തനം ആസൂത്രണം നടപ്പിലാക്കൽ, പ്രോത്സാഹനം, പ്രഗത്ഭരുടെ സേവനം.

### വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ, സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

**ക്ലാസ് സ്കൂൾ ബാലസഭകൾ**

ഓരോ ക്ലാസ്സിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം, വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ, പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം.

**സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം**

സാഹിത്യവാസന മെച്ചപ്പെടുത്തൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തകരചനാ തന്ത്രങ്ങളറിയാൻ, കഥ, കവിതാ രൂപീകരണം മനസ്സിലാക്കാൻ ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

**വായനക്കൂട്ടം, എഴുത്തുകൂട്ടം, മോണിറ്ററിംഗ്**

അധ്യാപകർ, കുട്ടിപ്രതിനിധി, രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ BRC, അധ്യാപകർ മറ്റു സ്കൂളിലെ അധ്യാപകർ എന്നിവരുടെ സേവനം.

**ആനുകാലിക പ്രസിദ്ധീകരണങ്ങളും, വായനയും**

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവധ പ്രവർത്തനം, മത്സരങ്ങൾ.

**വായനസമാഗ്രികൾ വികസിപ്പിക്കൽ**

കുട്ടികൾക്കായുള്ള വായനസാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടേയും, രക്ഷിതാക്കളുടേയും പ്രാദേശിക എഴുത്തുകാരുടേയും അധ്യാപകരുടേയും പങ്കാളിത്തമുള്ള രചനാശില്പശാല സംഘടിപ്പിക്കൽ രചനകൾ സ്പൈറൽ ബയന്റ് ചെയ്ത് ഉപയോഗിക്കൽ.

**ഇ-വായന- സാധ്യത കണ്ടെത്തൽ**

വിക്കി പീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണ്യം, വായനാ കൂട്ടത്തിന്റേയും എഴുത്തു കൂട്ടത്തിന്റേയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം. ഇ പേപ്പറുകൾ പരിചയപ്പെടുത്തൽ വിവധ കൃതികൾ, കവിത എന്നിവ വീഡിയോ കാണൽ.

**കാവ്യക്കൂട്ടം**

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രദേശിക സാഹിത്യകാരൻ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യക്കൂട്ടം സംഘടിപ്പിക്കുന്നു.

**എഴുത്തുകൂട്ട രൂപീകരണം**

കുട്ടികളെ 5 വീത് എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗരചന, സംഘരചന, എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ മോണിറ്ററിംഗം എന്നിവ ചർച്ച ചെയ്യുന്നു.

**വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ**

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം ലിസ്റ്റ് ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ.

**സഞ്ചരിക്കുന്ന ആസ്വാദനക്കുറുപ്പ് പുസ്തകം**

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി കൈമാറി എല്ലാവരുടേയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും ഴിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

**ഇൻലന്റ് മാഗസീൻ, ചുമർ പത്രിക പതിപ്പ്**

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ, ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസീൻ, ചുമർ പത്രിക പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം.

**പൊതുവേദിയിലെ പ്രകടനങ്ങൾ**

കുട്ടികളിലെ ഭയം സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി റേഡിയോ ക്ലബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരുപ്പിക്കാനവസരം, യോഗങ്ങൾ സംഘടിപ്പിക്കൽ.

**വ്യക്തിഗതരചന, സംഘരചന**

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ.

**ഭാഷാ പ്രോജക്ടുകൾ**

ഭാഷയെ കൂടുതൽ മനസ്സിലാക്കാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

**രചയിതാക്കളെ പരിചയപ്പെടൽ**

അസംബ്ലിയിൽ ഒരു ഇനമാകണം കൃതികൾ സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തുന്നു. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ, കുറിപ്പുകൾ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ് , പവർപോയിന്റ് അവതരണം രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി ( പ്രതിമാസം) ജൂലൈ-ബഷീർ, ആഗസ്റ്റ്-എസ്.കെ.പൊറ്റക്കാട്

**സാഹിത്യ സാംസ്കാരിക ചിത്രഗാലറി**

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ , പുസ്തകങ്ങൾ, ജീവചരിത്രകുറിപ്പുകൾ മഹത് വചനങ്ങൾ, ആസ്വാദനക്കുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.

# വിഷയം: പരിസരപഠനം

| നം | മേഖലകൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | പിന്തുണ |
|---|---|---|---|---|
| 1) | സസ്യസം രക്ഷണം | സസ്യസംരക്ഷണത്തിൽ കുട്ടികളുടെ പങ്ക് ഉറപ്പിക്കുന്നതിനായി സ്കൂൾ പരിസരത്ത് ഔഷധത്തോട്ട നിർമ്മാണം, പൂന്തോട്ട നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | പരിസ്ഥിതി ക്ലബ്<br>PTA |
| 2) | കൃഷി | കൃഷിയുമായി ബന്ധപ്പെട്ട ഓരോ അനുഭവങ്ങളും പാഠഭാഗങ്ങളുമായും പഠന നേട്ടങ്ങളുമായും ബന്ധപ്പെടുത്തണം. കൃഷിയിലേർപ്പെടുന്ന സമയത്ത് സ്വന്തമായ നിരീക്ഷണത്തിനും പരീക്ഷണങ്ങൾക്കും സ്വാതന്ത്ര്യം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹിക പിന്തുണ<br>PTA |
| 3) | പരീക്ഷണങ്ങൾ | ഉച്ചസമയത്തോ ഇടവേളകളിലോ കുട്ടികൾക്ക് പരീക്ഷണങ്ങളിൽ ഏർപ്പെടാൻ അവസരം | രണ്ട് ആഴ്ചയിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ |
| 4) | പരിസ്ഥിതി മലിനീകരണം | തന്റെ പ്രദേശത്തെ പാരിസ്ഥിതിക മലിനീകരണം നേരിട്ട് ബോധ്യപ്പെടുത്തുന്നു. | തുടർ പ്രവർത്തനം | അധ്യാപിക |
| 5) | മാലിന്യ ശേഖരണം | ഹരിത കേരള സന്ദേശം നൽകൽ, പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ, പാഴ് വസ്തുക്കൾ പഠനോപകരണമാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക |

| നം | മേഖലകൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | പിന്തുണ |
|---|---|---|---|---|
| 6) | പഠനയാത്ര<br><br>പ്രകൃതിനടത്തം | പഠനയാത്രയിലൂടെ പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ അറിവ് നേടുന്നു. പ്രകൃതി സംരക്ഷണ ധാരണ, നാടിന്റെ പൈതൃകത്തേയും സംസ്കാരത്തേയും ബോദ്യപ്പെടുത്തൽ, പ്രകൃതിനടത്തം | മാസത്തിൽ ഒന്ന് | പി.റ്റി.എ |

# SUBJECT - ENGLISH

| NO. | PROGRAMME | ACTIVITY | DURATION | SUPPORT |
|---|---|---|---|---|
| 1) | To develop basic skills | • Pre-test<br>• Activity based to develop language<br>• Making words<br>• Making sentence<br>• Telling story<br>• Give the chance to listen and watch<br>• English story and rhyme<br>• Word games | June 1st Week<br><br>2 months | Teachers<br><br>P.T.A |
| 2) | To develop reading skills (reading corner and reading group) | • Hellow English<br>• Class room library<br>• Make reading note<br>• Making word card and sen tence card<br>• Reading competition<br>• Read simple poem and story<br>• Making reading material with picture | June to march | Teachers<br><br>P.T.A |
| 3) | English assembly | • News reading<br>• Reading and telling of English<br>• Presentation of short speech, action song, etc<br>• Speak out things, persons, place and importance of day etc.. | June to March<br><br>Three days in one week | Teachers<br><br>P.T.A |

| NO. | PROGRAMME | ACTIVITY | DURATION | SUPPORT |
|---|---|---|---|---|
| 4) | English fest | • Conducting English drama, story telling, recitation, game, choreography, elocution, sole play, skit etc...<br>• Exhibition of students producet<br>• Conducting quiz competition<br>• making magazine and wall magazine | March | Teachers |
| 4) | Developing fluency in English | • Conducting spoken English classes<br>• Give the chance to listen English news<br>• E- cube English<br>• Hello English | June to March | Teachers |

# വിഷയം ഗണിതം

| നം | മേഖലകൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | പിന്തുണ |
|---|---|---|---|---|
| 1) | ഗണിത പിന്നോക്കാവസ്ഥ പിഹരിക്കൽ | പ്രീ ടെസ്റ്റ് പരിമിതികൾ പരിഹരിക്കൽ | ജൂൺ ആദ്യവാരം<br>ജൂൺ-ജൂലൈ | ടീച്ചർ |
| 2) | ഗണിതാശയങ്ങൾ വികസിപ്പിക്കുന്നതിന് | ഗണിതക്ലബ് രൂപീകരണം<br>ഗണിതമൂല, ഗണിതലാബ്<br>ഗണിതവുമായി ബന്ധപ്പെട്ട കഥ, പാട്ട്, ക്വിസ് മത്സരങ്ങൾ | ജൂൺ -മാർച്ച് | ടീച്ചർ<br>കുട്ടികൾ<br>പി.റ്റി.എ |
| 3) | ചതുഷ്ക്രിയകൾ വികസിപ്പിക്കുന്നതിന് | കണക്കുപെട്ടി,<br>ഗണിതകിറ്റ്<br>ഗണിതകേളികൾ<br>ചോദ്യോത്തരപ്പെട്ടി<br>പതിപ്പുകൾ<br>ഗണിതമേള | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചർ<br>കുട്ടികൾ |

## ഉപസംഹാരം

പൊതു വിദ്യാഭ്യാസം സമഗ്ര ഗുണമേന്മയുള്ളതാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് കഴിയും. ഓരോ വിദ്യാർത്ഥിയേയും അറിഞ്ഞ് കുട്ടികളുടെ കഴിവുകളെ അതിന്റെ പാരമ്യതയിലെത്താൻ സഹായിക്കും. വിദ്യാലയങ്ങളിലെ പ്രതീക്ഷാ നിർഭരമായ പ്രവർത്തനങ്ങൾ കോർത്തിണക്കി രക്ഷിതാക്കളും സമൂഹവും പൊതുവിദ്യാലയങ്ങൾക്ക് കരുത്ത് പകരട്ടെയെന്ന് അഭിമാനിക്കാം.